**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1869 **05.10.2016**-ലെ മറുപടിക്ക്

<u>പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് വീടുപണി പൂർത്തീകരിക്കുന്നതിന് സഹായം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.എം. ആരിഫ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഇന്ദിര ആവാസ് യോജന ഉൾപ്പെടെ വിവിധ പദ്ധതികളിൽ വീട് ലഭിച്ചിട്ടുള്ളതും എന്നാൽ പണി പൂർത്തീകരിക്കുവാൻ കഴിയാത്തതുമായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നുണ്ടോ; | (എ) | പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഗ്രാമവികസന വകുപ്പ് മുഖേന നൽകി വരുന്ന ഐ.എ.വൈ വീടുകളുടെ ധനസഹായം 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചപ്പോൾ പട്ടികജാതി വികസന വകുപ്പിൽ നിന്നും 1,00,000/- രൂപ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം മുൻ സർക്കാർ കാലത്ത് കുടിശ്ശികയായ 182.85 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ (ഫയൽ നം. 761358/സി 2/2016) ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.<br>ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2007-08 മുതൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ പണി പൂർത്തീകരിക്കാത്തവർക്ക് പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് നിലവിലെ തുകയ്ക്ക് ആനുപാതികമായി വർദ്ധിപ്പിച്ച നിരക്കിലുള്ള തുക സ്പിൽ ഓവറായി നൽകുന്നുണ്ട്. |
| (ബി) | വർഷങ്ങൾക്ക് മുമ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വീട് നിർമ്മിക്കുവാൻ വായ്പയും ഗ്രാന്റും മറ്റും അനുവദിച്ച പണം കൊണ്ട് വീട് പൂർത്തീകരിക്കാനാകാത്തവർക്കും വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നുണ്ടോ ? | (ബി) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2007-08 മുതൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ പണി പൂർത്തീകരിക്കാത്തവർക്ക് പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് നിലവിലെ തുകയ്ക്ക് ആനുപാതികമായി ഗഡുക്കൾ വർദ്ധിപ്പിച്ച നിരക്കിലുള്ള തുക സ്പിൽ ഓവറായി നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും വീട് അനുവദിച്ച് 6 വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാത്ത വീടുകൾ വാസയോഗ്യമാംവിധം പൂർത്തീകരിക്കുന്നതിനായി പരമാവധി 1,00,000/- രൂപ (ഒരു ലക്ഷം രൂപ) അനുവദിച്ചു വരുന്നു. ഇതു കൂടാതെ 12 വർഷങ്ങൾക്ക് മുമ്പ് വീട് അനുവദിച്ചതും അറ്റകുറ്റപ്പണി ചെയ്ത് ഉപയോഗിക്കുവാൻ കഴിയാത്തതുമായ വീടുകൾക്കു പകരം പുതിയ വീടുകൾ (മുൻഗണനാക്രമത്തിൽ) അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ